Draft #2 of File 75445/AC A1-2/2025/AC A 1 Approved by DEPUTY REGISTRAR I (ACADEMIC) on 16-Sep-2026 04:38 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

K-REAP പദ്ധതി - ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികളിൽ നിന്നും ₹150/- Software User Fee ഈടാക്കുന്നത് സംബന്ധിച്ച് - ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ധാരണാപത്രം ഒപ്പിടുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 8314/AC A 1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2026

---

*പരാമർശം:*-1. 30.07.2025-ലെ നം. HEDN-B1/31/2025-HEDN ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നുള്ള കത്ത്.

2. 21.08.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 120/28.08/OA 04/25.07/75445/AC A 1-2/2025

**ഉത്തരവ്**

K-REAP പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനച്ചെലവുകൾ പരിഗണിച്ച്, വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തികഭാരം ഉണ്ടാകാത്തവിധം പരീക്ഷാഫീസ് പുനഃക്രമീകരിച്ച് ഓരോ വിദ്യാർത്ഥിയിൽ നിന്നും ഓരോ സെമസ്റ്ററിലും ₹150/- വീതം Software User Fee ആയി ഈടാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതു സംബന്ധിച്ച് സർവകലാശാലയുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ നിന്നും കത്ത് ലഭിച്ചിരുന്നു.

പ്രസ്തുത വിഷയം പരാമർശം (2) പ്രകാരം 21.08.2026-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, K-REAP സംവിധാനം നിലവിൽ സർവകലാശാലയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സോഫ്റ്റ്‌വെയർ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിന്ദു ഡി ഭട്ട്

ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഗവ . പ്രിൻസിപ്പൽ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ (ബി ) വകുപ്പ്
2. വൈസ് ചാൻസലറുടെ പി . എസ്
3. രജിസ്ട്രാർ / പരീക്ഷ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി .
4. AcA17/ AcC1 സെക്ഷൻ
5. ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

The document is digitally approved. Hence signature is not needed.